# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

നാലാം സെമസ്റ്റർ പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ പ്രൊജക്റ്റ്/ വൈവ പരീക്ഷ നടത്തിപ്പ് സംബന്ധിച്ച് മൂല്യനിർണ്ണയസമിതി ചെയർപേഴ്സൻസിന്റെ യോഗത്തിന്റെ ശിപാർശകൾ - വൈവ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - വൈസ് ചാൻസലർ അംഗീകരിച്ചു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ബി 1 സെക്ഷൻ**

നമ്പർ. 5199/EB 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.10.2021

---

*പരാമർശം:*-06 .08 .2021 ൽ കൂടിയ പി ജി പ്രൈവറ്റ് മൂന്നും നാലും സെമസ്റ്റർ മൂല്യനിർണ്ണയ സമിതി ചെയർപേഴ്സൺസിന്റെ ഓൺലൈൻ യോഗത്തിന്റെ മിനിറ്റ്സ്

## ഉത്തരവ്

കോവിഡ് വ്യാപന സാഹചര്യത്തിൽ മൂന്നും നാലും സെമസ്റ്റർ പി ജി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷ 2020 ന്റെ പ്രൊജക്റ്റ്/ വൈവ നടത്തിപ്പ് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 06 .08 .2021 ൽ ചേർന്ന മൂല്യനിർണ്ണയസമിതി ചെയർപേഴ്സൺസിന്റെ ഓൺലൈൻ യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തു.

I) മൂന്നും നാലും സെമസ്റ്റർ പി ജി പ്രൈവറ്റ് രജിസ്ട്രേഷൻ ഫെബ്രുവരി/ മാർച്ച് 2021 ൽ നടന്ന പരീക്ഷകളുടെ പ്രൊജക്റ്റ്/ വൈവ പരീക്ഷകൾ ഓൺലൈൻ മോഡിൽ നടത്താവുന്നതാണ്.

II) പ്രസ്തുത പ്രൊജക്റ്റ്/ വൈവ നടത്തിപ്പ് സംബന്ധിച്ച മാർഗനിർദേശങ്ങൾ മൂല്യനിർണ്ണയസമിതി ചെയർപെഴ്സൺമാർക്കു സർവകലാശാല നൽകുന്നതാണ് .

III) മാർക്ക് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ച് മൂല്യനിർണ്ണയബോർഡിൽ ഉൾപ്പെട്ടിട്ടുള്ള മറ്റു അദ്ധ്യാപകരുമായി ചർച്ച ചെയ്തു ചെയർപെഴ്സൺസ് തീരുമാനം കൈക്കൊള്ളേണ്ടതാണ്.

മേൽ ശിപാർശകളും മൂന്നും നാലും സെമസ്റ്റർ പി ജി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകളുടെ വൈവ നടത്തിപ്പുമായി ബന്ധപ്പെട്ടു ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

Draft #9 of File 92436/EB 1-1/2021/EB 1 Approved by ASSISTANT REGISTRAR XI (EXAM) on 05-Oct-2021 12:21 PM - Page 1

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പകർപ്പ്

1 )ബന്ധപ്പെട്ട കോളേജുകൾ

2 )മൂല്യ നിർണയ സമിതി ചെയർ പേഴ്സൻസ്

3)വി സി / പി വി സി എന്നിവരുടെ പി എസ് മാർ

4) രജിസ്ട്രാർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ

5 )JR/DR/AR (പരീക്ഷ വിഭാഗം )

6 )EH / EB സെക്ഷനുകൾ

7 )കണ്ടൻറ് മാനേജ്‌മെന്റ് / ഐ ക്യൂ എ സി / റെക്കോർഡ് സെക്ഷൻസ്

8 )സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #9 of File 92436/EB 1-1/2021/EB 1 Approved by ASSISTANT REGISTRAR XI (EXAM) on 05-Oct-2021 12:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**III & IV സെമെസ്റ്ററുകൾ, പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ 2020 പരീക്ഷകൾ വൈവ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

1. സർവകലാശാല വെബ്സൈറ്റിൽ നൽകുന്ന ഗൂഗിൾ ഫോമിന്റെ ലിങ്കിൽ വൈവക്ക് ഹാജരാകേണ്ട വിദ്യാർത്ഥികൾ തങ്ങളുടെ ഇമെയിൽ id യും whatsapp ഉള്ള ഫോൺ നമ്പറും രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോരുത്തരുടെയും മെയിൽ id യിലും whatsapp No.ഉണ്ടെങ്കിൽ അവയിലും ഓൺ ലൈൻ വൈവയ്ക്കുള്ള ലിങ്ക് സർവകലാശാല അയച്ച് നൽകുന്നതാണ്. വൈവയുടെ ഷെഡ്യൂൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഗൂഗിൾ ഫോമിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് സർവകലാശാല പത്രക്കുറിപ്പ് മുഖേനയും വെബ്സൈറ്റിലൂടെയും വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകുന്നതാണ്.

2. പ്രൈവറ്റ് വിദ്യാർത്ഥികളുടെ വൈവ നടത്തിവരാറുള്ള താഴെപ്പറയുന്ന കോളേജുകൾ വൈവ നടത്തുന്ന അദ്ധ്യാപകർക്കുള്ള സാങ്കേതിക സഹായം ചെയ്തു നൽകേണ്ടതാണ്.

i.യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ
ii.ശ്രീ ശങ്കര കോളേജ്, കാലടി
iii.എസ്.എൻ എം കോളേജ് മാല്യങ്കര
iv. കാതോലിക്കേറ്റ് കോളേജ് പത്തനംതിട്ട
v.സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി,
vi.ന്യൂമാൻ കോളേജ്, തൊടുപുഴ
vii.സെന്റ് തോമസ് കോളേജ് പാലാ
viii.പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി
ix.ബസേലിയോസ് കോളേജ്, കോട്ടയം
x.എൻ.എസ്.എസ് ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി
xi.ഭാരതമാതാ കോളേജ് തൃക്കാക്കര
xii.സെന്റ് പോൾസ് കോളേജ്, കളമശ്ശേരി

3) മേൽ പറഞ്ഞ കോളേജുകളിൽ ഓരോ സെന്ററിലും രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ (പല കോളേജുകൾ സെന്റർ ആയി തെരഞ്ഞെടുത്ത) എണ്ണത്തിനനുസരിച്ച വിദ്യാർത്ഥികളെ അലോട്ട് ചെയ്യുന്നതാണ്.

4) മേൽ പറഞ്ഞ കോളേജുകളിൽ ഒരു ദിവസം കുറഞ്ഞത് രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ഒരു ടീമിന് ഓൺ ലൈനായി വൈവ നടത്താനുള്ള സാങ്കേതിക സഹായം കോളേജുകൾ ചെയ്തു നൽകേണ്ടതാണ് . ഒരു ദിവസം ഓരോ ടീമിനും പരമാവധി 40 വിദ്യാർത്ഥികൾ എന്ന രീതിയിൽ വിദ്യാർത്ഥികളുടെ എണ്ണം ക്രമീകരിക്കുന്നതാണ്.

5)വൈവ യുടെ ഷെഡ്യൂൾ സർവകലാശാല തയ്യാറാക്കി നൽകുന്നതാണ്. ഷെഡ്യൂൾ തീയതിയിൽ വൈവയ്ക്ക് ഹാജരാകാൻ കഴിയാതെ പോവുന്ന വിദ്യാർത്ഥികൾക്ക് ഷെഡ്യൂളിലെ മറ്റേതെങ്കിലും തീയതിയിൽ വൈവയിൽ പങ്കെടുക്കാനുള്ള അവസരം നൽകേണ്ടതാണ്.

6)ഓൺലൈൻ വൈവയുടെ നടത്തിപ്പ് റെക്കോർഡ് ചെയ്തു സൂക്ഷിക്കുന്നതിനുള്ള സംവിധാനം കോളേജുകൾ ഏർപ്പെടുത്തേണ്ടതാണ്. കോളേജ് ഡൊമൈനിൽ create ചെയ്ത മെയിൽ ID യോ, സർവകലാശാല കോളേജ് പ്രിൻസിപ്പൽമാർക്ക് ലഭ്യമാക്കിയിരിക്കുന്ന mgu.ac.in ഡൊമൈനിലുള്ള mail id ഉപയോഗിച്ചോ ഗൂഗിൾ മീറ്റിൽ മീറ്റിംഗ് create ചെയ്താൽ വൈവ റിക്കോർഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാകുന്നതാണ്.

7) വൈവ പരീക്ഷ പൂർത്തിയായാലുടൻ തന്നെ ചെയർപേഴ്സൺ മാർക്ക് ലിസ്റ്റുകൾ ശേഖരിച്ച് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

Draft #9 of File 92436/EB 1-1/2021/EB 1 Approved by ASSISTANT REGISTRAR XI (EXAM) on 05-Oct-2021 12:21 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 92436/EB 1-1/2021/EB 1 Approved by ASSISTANT REGISTRAR XI (EXAM) on 05-Oct-2021 12:21 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #9 of File 92436/EB 1-1/2021/EB 1 Approved by ASSISTANT REGISTRAR XI (EXAM) on 05-Oct-2021 12:21 PM - Page 5
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം